**''ഭരണഭാഷ-മാതൃഭാഷ''**

നമ്പർ എച്ച്2/19500/2019/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 16-05-2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനം - തസ്തികനിർണയം 2019-20 - സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതു സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിൽ നിന്നുള്ള 04/05/2019 ലെ കത്ത് നമ്പർ എച്ച്3/18716/18/ ഡി.പി.ഐ

അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയത്തെപ്പറ്റി ഓർമ്മിപ്പിക്കാനാണ് ഈ കത്ത്. സൂചനയിലെ കത്ത് പ്രകാരം ഇക്കാര്യം എല്ലാ പ്രഥമാധ്യാപകരെയും അറിയിച്ചിരുന്നതാണെങ്കിലും വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഒരിക്കൽ കൂടി അത് ശ്രദ്ധയിൽപെടുത്തുന്നു.

സംസ്ഥാനത്തെ ഒട്ടുമിക്ക സ്കൂളുകളും സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ സർട്ടിഫിക്കറ്റുകൾ സ്കൂൾ തുറക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കുന്നുണ്ട്. എന്നാൽ കുറെ സ്കൂളുകൾ ഇതിനപവാദമാണ്. മധ്യവേനലവധി കഴിഞ്ഞ് സ്കൂൾ തുറന്നതിനു ശേഷം ജൂണിലോ ജൂലൈയിലോ ഒക്കെയാണ് ഇവർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എത്തിക്കുന്നത്. സ്കൂളിലെത്തുന്ന കുട്ടികളുടെ സുരക്ഷാകാര്യത്തിൽ അവർ കാട്ടുന്ന ഗുരുതരമായ ഈ അലംഭാവം മാപ്പർഹിക്കുന്ന കുറ്റമല്ല. കെ.ഇ.ആർ അധ്യായം IV, ചട്ടം 8 പ്രകാരം സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ മെയ് 10 നു മുമ്പാണ് പൂർത്തിയാക്കേണ്ടത്. സ്കൂൾ തുറക്കുന്നതിനു മുമ്പ് കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കുകയും വേണം. സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വത്തിന് വിദ്യാഭ്യാസ ഏജൻസി/മാനേജർ/വിദ്യാഭ്യാസ ഓഫീസർ എന്നിവർ ഉത്തരവാദികളായിരിക്കുമെന്ന് ചട്ടത്തിൽ നിഷ്കർഷിക്കുന്നുണ്ട്.

2019-20 അധ്യയനവർഷം സ്കൂൾ തുറക്കുന്നതിനു മുമ്പ് സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വിദ്യാഭ്യാസ ഓഫീസിൽ എത്തിയെന്ന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്. ഇതിനാവശ്യമായ നിർദേശങ്ങൾ എല്ലാ പ്രഥമാധ്യാപകർക്കും മാനേജർമാർക്കും അടിയന്തരമായി ഒരുവട്ടം കൂടി നൽകുക.

ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ കെട്ടിടങ്ങളുടെ ഉയരം, നീളം, വീതി അളവുകൾ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. ഇക്കാര്യം സുരക്ഷാ സർട്ടിഫിക്കറ്റ് നൽകുന്ന എഞ്ചിനീയറെ പ്രത്യേകം അറിയിക്കാൻ പ്രഥമാധ്യാപകർക്ക് നിർദേശം നൽകണം.

ചില സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ പ്രഥമാധ്യാപകർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാറില്ല. സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന കാര്യത്തിൽ സർക്കാർ/എയ്ഡഡ് ഭേദമൊന്നുമില്ലെന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കുക. എല്ലാ സ്കൂളുകളിലെയും കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സ്കൂൾ തുറക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഏതെങ്കിലും സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കാനിട വന്നാൽ ആയതിന്റെ ഉത്തരവാദിത്തം പ്രഥമാധ്യാപകനും വിദ്യാഭ്യാസ ഓഫീസർക്കും മാനേജർക്കും ആയിരിക്കുമെന്നും അറിയിക്കുന്നു. 2019-20 ലെ തസ്തികനിർണയം ഓൺലൈനായി ചെയ്യാൻ ഉദ്ദേശിക്കുന്നതിനാൽ ജൂൺ ആദ്യവാരം തന്നെ സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിലെ വിവരങ്ങൾ പ്രഥമാധ്യാപകർ സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യേണ്ടി വരും എന്നതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ജൂൺ 3 നു മുമ്പ് സമർപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഒരിക്കൽ കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഇൻ-ചാർജ്)

പകർപ്പ് :

എല്ലാ പ്രഥമാധ്യാപകർക്കും
(വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം)

എൻ.കെ 16-05-2019